بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 25.04.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*25.04.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം*

# ഒരനുസ്മരണം;
# മഹ്മൂദ് ബംഗാളി അതുല്യ വ്യക്തിത്വത്തിന്റെ ഉടമ

അങ്ങേയറ്റത്തെ കൂറുകൊണ്ട് ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്ന വളരെ ഏറെ പ്രിയപ്പെട്ട ഒരു വ്യക്തിയെ കുറിച്ച് സ്മരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം ജമാഅത്തിന്റെ ആത്മാർപണം ചെയ്ത സേവകനായിരുന്നു. രണ്ടു ദിവസം മുമ്പേ അദ്ദേഹം അന്തരിച്ചു. اِنَّا لِلّٰهِ وَ اِنَّآ اِلَيۡهِ رٰجِعُوۡنَ ഓരോരുത്തരും ഈ ദുൻയാവിനെ വിട്ടുപോകേണ്ടവരാണ്. പക്ഷേ, അല്ലാഹുവിന്റെ തൃപ്തിയ്ക്കനുസരിച്ച് ജീവിക്കാൻ ശ്രമിക്കുന്ന മനുഷ്യൻ എത്രമാത്രം ഭാഗ്യവാനാണ്. അവൻ പ്രതിജ്ഞ ചെയ്യുമ്പോൾ ആ പ്രതിജ്ഞ നിറവേറ്റാൻ കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നു. മതസേവനത്തോടൊപ്പം മനുഷ്യസേവനത്തിലും എപ്പോഴും മുഴുകിയിരിക്കാൻ ശ്രമിക്കുന്നു. ഒരു ലോകർ സ്തുതിക്കുന്നവരുടെ ഗണത്തിൽ അയാൾ ഉൾപ്പെടുകയും ചെയ്യുന്നു. ഇക്കാരണത്താൽ നബി(സ)തിരുമേനി പറഞ്ഞതനുസരിച്ച് അത്തരക്കാർക്ക് സ്വർഗം നിർബന്ധമായി ഭവിക്കുന്നു. കാലത്തിന്റെ ഖലീഫമാരുടെ സുൽത്താനെ നസ്വീറും (ശക്തനായ സഹായി) ഖിലാഫത്തിനു വേണ്ടി അങ്ങേയറ്റത്തെ ധാർമികാവേശം ഉൾക്കൊള്ളുന്നയാളും ജമാഅത്തിന്റെ സേവകനുമായ നമ്മുടെ പ്രിയപ്പെട്ട സഹോദരൻ മുകർറം മഹ്മൂദ് അഹ്മദ് സാഹിബാണ് അദ്ദേഹം. മഹ്മൂദ് ബംഗാളി എന്ന പേരിൽ പാക്കിസ്ഥാനിലെ അധികമാളുകളും അദ്ദേഹത്തെ അറിയുന്നു. ഇദ്ദേഹം ആസ്ട്രേലിയൻ ജമാഅത്തിന്റെ അമീറായിരുന്നു. ഏപ്രിൽ 23 ബുധനാഴ്ച ഇഹലോകവാസം വെടിഞ്ഞു. اِنَّا لِلّٰهِ وَ اِنَّآ اِلَيۡهِ رٰجِعُوۡنَ

അദ്ദേഹത്തിന്റെ വേർപാടിനുശേഷം ആദ്യം വന്ന ഒരു ബന്ധുവിന്റെ കത്തിൽ എഴുതിയിട്ടുള്ളത്, ഖിലാഫത്തിനു വേണ്ടി സർവപരിത്യാഗിയായിരുന്ന അദ്ദേഹത്തെപോലെ അല്ലാഹു നമ്മളേയും ആക്കുമാറാകട്ടെ. അദ്ദേഹത്തിന് ഞാൻ നല്കിയ മറുപടി ഇപ്രകാരമായിരുന്നു, 'അദ്ദേഹം നാഡി പോലെയാണ് ചലിച്ചിരുന്നത്.' 'ഈ കല്പന എന്തിന് നല്കിയെന്നോ, ഇപ്രകാരം കല്പിച്ചതെന്തിനെന്നോ' ഉള്ള സങ്കോചം അദ്ദേഹത്തിന് ഒരിക്കലും ഉണ്ടായിട്ടില്ല. തനിക്കെതിരെ എന്തെങ്കിലും പറഞ്ഞാൽ പോലും അത് ഉടനെ അദ്ദേഹം നടപ്പിൽ വരുത്തിയിരിക്കും. അദ്ദേഹത്തിന്റെ അസുഖത്തെ കുറിച്ചും മരണത്തെ കുറിച്ചും കുറച്ചുകാര്യങ്ങൾ വിശദീകരിക്കാം. ഏപ്രിൽ 22-ാം തിയതി സിഡ്നി മിഷൻ ഹൗസിൽ അസർ നമസ്കരിക്കാൻ വേണ്ടി വീട്ടിൽ നിന്നിറങ്ങി. പക്ഷേ, കുറച്ചു നടന്നതിനുശേഷം നല്ല സുഖമില്ല എന്ന് തോന്നിയതു കൊണ്ട് വീട്ടിലേക്കുതന്നെ മടങ്ങിപ്പോന്നു. വീട്ടിൽ എത്തിയയുടനെ കഠിനമായ മസ്തിഷ്കാഘാതമുണ്ടായി. പ്രമേഹവും രക്തസമ്മർദവും ആദ്യമേ തന്നെയുണ്ടായിരുന്നു. ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ വെന്റിലേറ്ററിൽ അദ്ദേഹത്തെ വെച്ചു. തലച്ചോറിന്റെ ഏത് ഭാഗത്താണോ രക്തം കട്ട പിടിച്ച് ആഘാതമുണ്ടായിട്ടുള്ളത് അവിടെ നിന്ന് ജീവൻ തിരിച്ചു വരിക എന്നത് അസംഭവ്യമാണെന്ന് ഡാക്ടർമാർ അഭിപ്രായപ്പെട്ടു. പക്ഷേ, എന്തായാലും 24 മണിക്കൂർ ശ്രമിച്ചു നോക്കാൻ ഞാനവരോട് പറഞ്ഞു. അതിൽ കൂടുതൽ വെക്കണ്ടെന്നും പറഞ്ഞു. 24 മണിക്കൂർ കഴിഞ്ഞ് ആ മെഷീൻ നീക്കി 2 മിനുറ്റിനു ശേഷം അദ്ദേഹം അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരായി.

മഹ്മൂദ് സാഹിബ് 1948 നവംബർ 18 ന് ബംഗ്ലാദേശിലെ ചാന്ദ്പൂർ ജില്ലയിൽ ചാർദഘിയ ഗ്രാമത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് മൗലാനാ അബുൽഖയ്ർ മുഹമ്മദ് മുഹിബ്ബുല്ലാഹ് എന്നും മാതാവിന്റെ പേര് സയ്നബുന്നിസാ എന്നുമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് അബുൽഖയ്ർ മുഹമ്മദ് മുഹിബ്ബുല്ലാഹ് സാഹിബ് 1943-ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. ആദ്യത്തെ പേര് അബുൽഖയ്ർ മുഹമ്മദ് എന്നായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) യാണ് മുഹിബ്ബുല്ലാഹ് എന്ന് കൂട്ടിച്ചേർത്തത്. ഇദ്ദേഹം തന്റെ നാട്ടിലെ ആദ്യത്തെ അഹ്മദിയായിരുന്നു. മഹാപണ്ഡിതനുമായിരുന്നു. അദ്ദേഹത്തിന് തബ്ലീഗ് പ്രവർത്തനത്തിൽ വളരെ താൽപര്യമായിരുന്നു. അദ്ദേഹം തബ്ലീഗ് ചെയ്ത് തന്റെ പിതാവായ ഖാജ അബ്ദുൽ മന്നാൻ സാഹിബിനെ അതായത് മഹ്മൂദ് സാഹിബിന്റെ പിതാമഹനെ അഹ്മദിയ്യത്തിൽ കൊണ്ടുവന്നു. ഇദ്ദേഹം അക്കാലത്ത് ഉത്തർപ്രദേശിലെ സഹാറൻപൂരിൽ വിദ്യാഭ്യാസത്തിനായി പോയിരിക്കുകയായിരുന്നു. അവിടെ വെച്ചാണ് അദ്ദേഹം അഹ്മദിയ്യത്തിനെ കുറിച്ച് അറിയാൻ ഇടയായത്. ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജിവിതകാലത്തെ സംഭവമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഡൽഹിയിൽ പോയപ്പോൾ ഇദ്ദേഹത്തിന്റെ പിതാമഹനും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാണാനുള്ള ആശയുണ്ടായി. പക്ഷേ, അദ്ദേഹം പഠിച്ചിരുന്ന സ്ഥലത്തു നിന്ന് അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ കാണാൻ പോകാനുള്ള അനുവാദം കിട്ടിയില്ല. അഹ്മദിയായതിനു ശേഷം അദ്ദേഹം പറയാറുണ്ടായിരുന്നു,

‘ആളുകൾ നമ്മെ ആ അനുഗ്രഹത്തിൽ നിന്ന് തടയാൻ ശ്രമിച്ചു, പക്ഷേ, അല്ലാഹു തആല ആ അനുഗ്രഹം നമുക്ക് നല്കുക തന്നെ ചെയ്തു.’

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ)യുടെ ആഹ്വാനമനുസരിച്ച് മുകർറം മഹ്മൂദ് അഹ്മദ് ശാഹിദ് സാഹിബിന്റെ പിതാവ് അദ്ദേഹത്തെ ‘വഖ്ഫെ ഔലാദ്’ പദ്ധതിയനുസരിച്ച് 1954-ൽ വഖ്ഫ് ചെയ്തു. പരേതനായ മഹ്മൂദ് സാഹിബ് പ്രാരംഭ വിദ്യാഭ്യാസം നേടിയത് തന്റെ നാട്ടിൽ നിന്ന് തന്നെയാണ്. പിന്നീട് 1962-ൽ കുട്ടിയായിരിക്കെ തന്നെ ജാമിഅ അഹ്മദിയ്യായിൽ പ്രവേശിച്ചു. 1974-ൽ അദ്ദേഹം ശാഹിദ് ഡിഗ്രി കരസ്ഥമാക്കി. അദ്ദേഹത്തിന്റെ വിവാഹം 1977-ൽ ബംഗ്ലാദേശ് അമീറായിരുന്ന മൗലവി മുഹമ്മദ് സാഹിബിന്റെ മകൾ ഹാജറ സാഹിബയുമായി നടന്നു. അദ്ദേഹത്തിന് മൂന്ന് പെൺക്കളും ഒരു ആൺകുട്ടിയുമാണുള്ളത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരും വിവാഹിതരാണ്. ജമാഅത്തിന്റെ സേവനത്തിൽ മുൻപന്തിയിലുള്ളവരുമാണ്.

തന്റെ ജീവിതാരംഭത്തിലെ ചില സംഭവങ്ങൾ തന്റെ ജാമാതാവിനെക്കൊണ്ട് അദ്ദേഹം നോട്ട് ചെയ്യിച്ചിട്ടുണ്ട്. വിദ്യാഭ്യാസ കാലത്ത് ഒരിക്കൽ ഫുട്ബാൾ കളിക്കുമ്പോൾ അദ്ദേഹത്തിന്റെ കാല്മുട്ടിന് ഗുരുതരമായ പരിക്കേറ്റു. രോഗം കഠിനമായതിനെ തുടർന്ന് അദ്ദേഹം കിഴക്കൻ ബംഗാളിലേക്ക് തിരിച്ചുപോയി. റബ്വയിലെ കാലാവസ്ഥയും അക്കാലത്ത് കടുപ്പമുള്ളതായിരുന്നു. വെള്ളം ഉപ്പുരസമുള്ളതായിരുന്നു. നല്ല വെള്ളം കിട്ടുമായിരുന്നില്ല. മിക്കപ്പോഴും അദ്ദേഹത്തിന്റെ വയറിന് സുഖമില്ലാതാകുമായിരുന്നു. മാതാപിതാക്കളും ദൂരത്തായിരുന്നു. ചെറിയ കുട്ടിയായിരുന്നു. അവസാനം തന്റെ മാതാപിതാക്കളെക്കുറിച്ച് അദ്ദേഹത്തിന് ഓർമയും വന്നു. പരിക്കും ഏറ്റിരുന്നു. അവസാനം ബംഗ്ലാദേശിലേക്ക് മടങ്ങിപ്പോയി. റബ്വയിൽ തിരിച്ചുവരണമെന്നുള്ള ഒരു ആഗ്രഹവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. പക്ഷേ, പറയുന്നു, അക്കാലത്ത് പ്രിൻസിപ്പാൾ ആയിരുന്ന സയ്യിദ് മീർ ദാവൂദ് സാഹിബ് അദ്ദേഹത്തിന് ജാമിഅയിലേക്ക് മടങ്ങിവരാൻ തുടർച്ചയായി കത്തെഴുതി. അങ്ങനെയാണ് അദ്ദേഹം വീണ്ടും ജാമിഅയിലെത്തുന്നത്. പറയുന്നു: തന്റെ പിതാവിന്റെ ദുആകളും അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. റബ്വയിലായിരുന്നപ്പോൾ അദ്ദേഹം പിതാവിന്നെഴുതി,‘റബ്വയിലെ കാലാവസ്ഥ അതികഠിനമാണ്. വെള്ളമില്ല. ഉഷ്ണമാണ്. തിന്നാനും കുടിക്കാനും വളരെ ബുദ്ധിമുട്ടാണ്. തുടങ്ങി പലതും. അതിന് മറുപടിയായി അദ്ദേഹത്തിന്റെ പിതാവ് മുഹിബ്ബുല്ലാഹ് സാഹിബ് എഴുതി: ‘മക്കയിലും വലിയ വിഷമം പിടിച്ച അവസ്ഥകളായിരുന്നു. എന്നിട്ട് സൂറ ഇബ്രാഹീമിലെ ആയത്ത് ഓതി,

رَبَّنَآ اِنِّيْٓ اَسْكَنْتُ مِنْ ذُرِّيَّتِيْ بِوَادٍ غَيْرِ ذِيْ زَرْعٍ

ഇതു പറഞ്ഞുകൊണ്ടാണ് അദ്ദേഹം മകനെ ഉപദേശിച്ചത്. എഴുതി, അല്ലാഹുവിന്റെ ഖലീഫ കെട്ടിപടുത്തിട്ടുള്ള നഗരത്തിൽ താമസിക്കാൻ കഴിയുന്നില്ലെങ്കിൽ പിതാവിനോടുള്ള ബന്ധം നിരർഥമാണ്. പിന്നീട് തന്നിൽ വലിയ മാറ്റമുണ്ടായതായി അദ്ദേഹം പറയുന്നുണ്ട്.

ഹുദൂർ അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് പറഞ്ഞു: മഹ്മൂദ് സാഹിബിന്റെ വേർപാടിനു ശേഷം ആസ്ത്രേലിയ ജമാഅത്തിന്റെ ഇപ്പോഴത്തെ ഖായിം മഖാം അമീറായിട്ടുള്ള ഖാലിദ് സയ്ഫുല്ലാഹ് സാഹിബ് പറയുന്നു: ഒരവസരത്തിൽ മഹ്മൂദ് ബംഗാളി സാഹിബ് അദ്ദേഹത്തോടു പറഞ്ഞു, ‘1979-ൽ ഇന്റർനാഷണൽ സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ തിരഞ്ഞെടുപ്പ് നടന്നപ്പോൾ വോട്ടുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം അഞ്ചാം സ്ഥാനത്തായിരുന്നു ഉണ്ടായിരുന്നത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) അദ്ദേഹത്തോട് വാത്സല്യത്തോടെ പെരുമാറിയിരുന്നു. ഹുദൂർ അദ്ദേഹത്തെ വിളിച്ചുകൊണ്ട് പറഞ്ഞു, ‘ഇന്ന് വൈകുന്നേരം വരെ ധാരാളം ഇസ്തിഗ്ഫാർ ചൊല്ലുക.’ അദ്ദേഹം പറയുന്നു, എന്നിൽ നിന്ന് എന്ത് തെറ്റാണുണ്ടായതെന്നോർത്ത് ഞാൻ വല്ലാതെ പേടിച്ചു. ഹുദൂർ(റഹ്) ഞാൻ അഞ്ചാം സ്ഥാനത്തായിരുന്നിട്ടും എന്നെ സ്വദ്ർ ആയി നിയമിച്ചു. അപ്പോൾ എനിക്കു മനസ്സിലായി, ‘ഹുദൂർ വിനയത്തിലേക്ക് എന്റെ ശ്രദ്ധ ക്ഷണിക്കുകയായിരുന്നുവെന്ന്.’ ഇതെല്ലാം തിരഞ്ഞെടുക്കപ്പെടുന്ന ഔദ്യോഗിക ഭാരവാഹികൾക്കുള്ള പാഠവും കൂടിയാണ്. അതുകൊണ്ട് വിനയം എന്നെന്നും നിലനില്ക്കാനും സേവനത്തിനുള്ള സൗഭാഗ്യം ശരിയായ നിലയിൽ അല്ലാഹു തന്നു കൊണ്ടിരിക്കാനും ഇസ്തിഗ്ഫാറും സ്വലാത്തും കൂടുതൽ ചൊല്ലേണ്ട ആവശ്യമുണ്ട്.

ഹുദൂർ അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് പറഞ്ഞു: അക്കാലത്ത് ലോകത്തു മുഴുവൻ ഒരു സ്വദ്ർ ആണുണ്ടായിരുന്നത്. മറ്റുള്ളവരെ ഖായിദീൻ എന്നാണ് പറഞ്ഞിരുന്നത്. മഹ്മൂദ് സാഹിബിന്റെ കാലഘട്ടത്തിലാണ് ഇതിന് മാറ്റമുണ്ടായത്. ഇന്റർ നാഷണൽ ലവലിൽ ഇദ്ദേഹമായിരുന്നു ഖുദ്ദാമുൽ അഹ്മദിയ്യായുടെ അവസാനത്തെ സ്വദ്ർ. ഈ കാലഘട്ടം അവസാനിച്ചപ്പോൾ ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന് വളരെ വിനയത്തോടെ അദ്ദേഹം ഒരു കത്തെഴുതി. ആ കത്തിന് കൊടുത്ത മറുപടിയിൽ ഖലീഫത്തുൽ മസീഹ് എഴുതി: താങ്കൾ കത്തിൽ അനാവശ്യമായി ലജ്ജ പ്രകടിപ്പിച്ചിരിക്കുന്നു. ഇതിൽ ലജ്ജിക്കാനെന്തിരിക്കുന്നു. താങ്കൾ മാശാഅല്ലാഹ് താങ്കളുടെ കാലഘട്ടം വളരെ നല്ല നിലയിൽ പൂർത്തിയാക്കി. വലിയ പ്രതിസന്ധിഘട്ടത്തിൽ യുക്തിയോടും തന്റേടത്തോടും കൂടി പ്രവർത്തിച്ചു. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അതുകൊണ്ടാണ് താങ്കൾക്ക് അൻസാറുല്ലായിൽ പോയിട്ടുപോലും സേവനത്തിനുള്ള അവസരം ലഭിച്ചത്.- അദ്ദേഹത്തിന് ഒരു വർഷം നീട്ടിക്കൊടുത്തിരുന്നു. താങ്കൾ അർഹനല്ലായിരുന്നെങ്കിൽ ഒരിക്കലും അങ്ങനെ ചെയ്യുമായിരുന്നില്ല. അല്ലാഹു തുടർന്നും താങ്കളെ എപ്പോഴും ജമാഅത്തിനുവേണ്ടി ആത്മാർഥപൂർണമായ സേവകനാക്കി വെക്കുമാറാകട്ടെ. എറ്റവും നല്ല സേവനം ചെയ്യാൻ തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുമാറാകട്ടെ.

ഖാലിദ് സയ്ഫുല്ലാഹ് സാഹിബ് എഴുതുന്നു: ഞങ്ങൾ പഠിക്കാൻ വേണ്ടി റബ്വയിൽ വന്നപ്പോൾ എന്റെ കൂടെ മറ്റുകുട്ടികളുമുണ്ടായിരുന്നു. ഞങ്ങൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെ കാണാൻ പോയി. ഹുദൂർ കട്ടിലിൽ കിടക്കുകയാ

യിരുന്നു. ഞങ്ങൾ അടുത്തു തന്നെ തറയിലാണ് ഇരുന്നത്. ഹുദൂർ ഞങ്ങളോടു വഖ്ഫിന്റെ പ്രാധാന്യത്തേയും ത്യാഗത്തേയും കുറിച്ച് പറയുകയായിരുന്നു. ഹുദൂർ തന്റെ ഒരു കൈ എന്റെ മേൽ വെച്ചിരുന്നു. കാരണം ഞാനായിരുന്നു ഹുദൂറിനോടു ഏറ്റവും അടുത്ത് ഇരുന്നത്. അല്ലാഹുവിന്റെ ഹിക്മത്ത് എന്താണെന്നറിയില്ല, വെളിയിൽ നിന്ന് വന്ന കുട്ടികളെല്ലാവരും വെള്ളം ഭക്ഷണം കാലാവസ്ഥ തുടങ്ങിയ കാര്യങ്ങൾ ബുദ്ധിമുട്ടായ കാരണത്താൽ വീടുകളിലേക്ക് തിരിച്ചുപോയി. ഞാൻ മാത്രമാണ് എന്റെ വിദ്യാഭ്യാസവും അല്ലാഹുവിനുവേണ്ടിയുള്ള വഖ്ഫും പൂർത്തിയാക്കിയത്. അത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സ്പർശനത്തിന്റെ അനുഗ്രഹമായിരുന്നു.

വീണ്ടും ഖാലിദ് സയ്ഫുല്ലാഹ് സാഹിബ് എഴുതുന്നു: അമീർ സാഹിബ് മർഹൂം ഒരു ബുദ്ധിശാലിയായിരുന്നു. ബന്ധം ഉണ്ടാക്കുന്നതിനും അത് പൂർത്തിയാക്കുന്നതിനും അദ്ദേഹത്തിന് നല്ല കഴിവായിരുന്നു. അത് ജമാഅത്തിന്റെ നേട്ടത്തിനായി വിനിയോഗിച്ചിരുന്നു. ഇതിന്റെ ഫലമായി എമിഗ്രേഷന്റെ ജോലി പാക്കിസ്ഥാനികൾക്ക് എളുപ്പമായി. അദ്ദേഹം ആസ്ത്രേലിയായിൽ വരുമ്പോൾ അഹ്മദികളുടെ എണ്ണം നൂറുക്കണക്കിനായിരുന്നു. ഇപ്പോൾ ആയിരക്കണക്കിന് ആയിട്ടുണ്ട്. ഈ അഭിവൃദ്ധിയുടെ പരമ്പര തുടർന്നു കൊണ്ടേ പോകുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ നിർദേശപ്രകാരം അഹ്മദിളെ ആസ്ത്രേലിയായിലെ എല്ലാ വലിയ പട്ടണങ്ങളിലും താമസിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ എല്ലാ സംസ്ഥാനത്തിന്റേയും തലസ്ഥാനത്ത് ശക്തമായ ജമാഅത്ത് നിലനില്ക്കുന്നുണ്ട്. വിശാലവും വിസ്തൃതവുമായ മനോഹര പള്ളികളും മിഷൻ ഹൗസുകളും നിലവിലുണ്ട്. സിഡ്നിയിലും മസ്ജിദ് ബയ്ത്തുൽ ഹുദായ്ക്കു പുറമെ ഖിലാഫത്ത് സെന്റിനറി ഹാളും മിഷൻ ഹൗസുമുണ്ട്. ഒരു ഗെസ്റ്റ് ഹൗസ് ഇപ്പോൾ നിർമാണത്തിലാണുള്ളത്. ഇപ്രകാരം തന്നെ ബർസബന്നിലും മസ്ജിദ് നിർമിച്ചു. മൽബറിനിലും മസ്ജിദ് നിർമിച്ചു. ഏഡിലഡിൽ ജമാഅത്തിന്റെ സെന്റർ ഉണ്ട്. കേമ്പറയിൽ മസ്ജിദിനുവേണ്ടി സ്ഥലം വാങ്ങാനുള്ള ശ്രമം നടക്കുന്നു. പെട്ടെന്ന് സ്ഥലം ലഭിക്കുന്നതാണ്. ആസ്ത്രേലിയായിലെ ജമാഅത്തിൽ, അതിന്റെ പുരോഗതിയിൽ അദ്ദേഹം മാശാ അല്ലാഹ് നല്ലവണ്ണം ഭാഗഭാക്കായിട്ടുണ്ട്. ആസ്ത്രേലിയായിലെ നാഷണൽ തർബിയ്യത്ത് സെക്രട്ടറി ഇംറാൻ അഹ്സൻ സാഹിബ് പറയുന്നു: 'അമീർ സാഹിബ് 1991 മുതൽ ആസ്ത്രേലിയായിൽ മിഷണറി ഇൻചാർജും ജമാഅത്തിന്റെ അമീറും എന്ന നിലയിൽ സേവനങ്ങൾ അനുഷ്ഠിച്ചു വരികയായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ വളരെ വലിയ പ്രൊജക്റ്റുകൾ പൂർണതയിലെത്തി; അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ അംഗങ്ങൾ കുറവാണെങ്കിലും.'

വിക്ടോറിയ ജമാഅത്തിന്റെ സ്വദ്ർ ജാവേദ് സാഹിബ് തന്റെ വിശദമായ ഒരു കത്തിൽ എഴുതുന്നു:'അമീർ സാഹിബിന് കാര്യങ്ങൾ മനസ്സിലാക്കാൻ നല്ല കഴിവുണ്ടായിരുന്നു. ചെറിയ ചെറിയ കാര്യത്തിൽ മാർഗദർശനം, ചിന്ത, ഉൾക്കാഴ്ച, ദീർഘവീക്ഷണം, ഇതിന്റെയെല്ലാം സംഭവങ്ങൾ ഓരോ മനുഷ്യനും പറഞ്ഞുകൊണ്ടിരിക്കുന്നു. അമീർ സാഹിബിന്റെ കൈയിലുണ്ടായിരുന്നത് പഴയ കാറായിരുന്നു. മജ്‌ലിസെ ആമില ആവർത്തിച്ചാവർത്തിച്ച് നിർബന്ധിച്ചിട്ടും ജാവേദ് സാഹിബ് പറയുന്നു ഞാൻ വ്യക്തിപരമായി അപേക്ഷിച്ചിട്ടും വണ്ടി വാങ്ങിയില്ല. മറ്റു മുറബ്ബിമാർക്ക് നല്ല വണ്ടികൾ വാങ്ങി നല്കി. തന്നെ സംബന്ധിച്ച് ഒരു ചിന്തയും ഉണ്ടായിരുന്നില്ല.'

ഇപ്രകാരംതന്നെ അദ്ദേഹത്തിന്റെ മകളെഴുതി: വസ്ത്രങ്ങൾ തുടങ്ങി സാധനങ്ങൾ വാങ്ങി ഞങ്ങൾ വീട്ടിൽ വരും. അദ്ദേഹത്തിനുവേണ്ടി കൂടുതലൊന്നും വാങ്ങാറുണ്ടായിരുന്നില്ല. അദ്ദേഹം പറയും, ലളിതമായ വസ്ത്രങ്ങൾ ധരിക്കുക. കൂടുതൽ ചെലവഴിക്കേണ്ട ആവശ്യമില്ല. ജമാഅത്തിന്റെ ചെലവുകൾ വളരെ സൂക്ഷ്മതയോടെയാണ് കൈകാര്യം ചെയ്തിരുന്നത്. വളരെ നല്ല ഓർമയായിരുന്നു. ജമാഅത്തംഗങ്ങളുടെ പേര് പറഞ്ഞ് സംസാരിക്കുമായിരുന്നു. അവരുടെ ഗുണങ്ങളെ പ്രയോജനപ്പെടുത്താനുള്ള കഴിവ് അല്ലാഹു നല്ലവണ്ണം അദ്ദേഹത്തിന് നല്കിയിരുന്നു.

ത്വാഹിറ അത്ഹർ സാഹിബ പറയുന്നു: 'കുറച്ചു ദിവസം മുമ്പേയാണ് ആസ്ട്രേലിയായിലെ ജൽസ സാലാന സമാപിച്ചത്. മസ്ജിദിൽ താമസിച്ചിരുന്ന അതിഥികളെ സൽക്കരിക്കാനും അവരുടെ കാര്യങ്ങൾ നോക്കാനും പ്രത്യേകം പറഞ്ഞുകൊണ്ടിരുന്നു. നമസ്കാരം നിർവഹിക്കുന്നതിനെ സംബന്ധിച്ചും താക്കീതു ചെയ്ത് പറഞ്ഞിരുന്നു.'

നമ്മുടെ ഇവിടെത്തെ പ്രസ്സ് ഇൻചാർജ് ആബിദ് വഹീദ് സാഹിബ് അദ്ദേഹം എന്നോടൊപ്പം പര്യടനത്തിലും പങ്കെടുത്തിരുന്നു, പറയുന്നു: 'കഴിഞ്ഞ ആസ്ട്രേലിയൻ പര്യടനാവസരത്തിൽ ബഹുമാനപ്പെട്ട മഹ്മൂദ് ബംഗാളി സാഹിബിനെ അടുത്തു നിന്ന് കാണാനും അറിയാനും അവസരം കിട്ടി. പര്യടനവേളയിലെല്ലാം അദ്ദേഹത്തെ അനാരോഗ്യം അലട്ടിക്കൊണ്ടിരുന്നെങ്കിലും ചെറിയ ചെറിയ കാര്യങ്ങൾ പോലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഉദാഹരണത്തിന് ഒരു ദിവസം രാത്രിഭക്ഷണത്തിൽ രണ്ടാമത്തെ ദിവസവും ഞങ്ങൾക്ക് തലേന്ന് തന്നതുപോലുള്ള പച്ചക്കറി കറിയാണ് തന്നത്. ഞങ്ങളാണെങ്കിൽ അതൊന്നും ഗൗനിച്ചിരുന്നതേയില്ല. പക്ഷേ, ബംഗാളി സാഹിബ് അത് നോട്ടു ചെയ്തു. അസുഖമുണ്ടായിരുന്നിട്ടും നേരിട്ട് അടുക്കളയിൽ പോയി അദ്ദേഹം കാരണം തിരക്കി. ഒരുതരം പച്ചക്കറി തന്നെ പാകം ചെയ്യാൻ ഇവിടെ വേറെ പച്ചക്കറികൾ ഒന്നും കിട്ടുന്നില്ലേ എന്ന് അവരോട് ചോദിച്ചു. ഇങ്ങനെ അതിഥികളെ എല്ലാ വിധത്തിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഇതിനു പുറമെ അദ്ദേഹത്തിന്റെ സ്വഭാവത്തിൽ വിനയം അത്യധികമായിരുന്നു. തന്റെ അറിവും പരിചയവും ഒക്കെ ഉണ്ടായിട്ടും ആബിദ് പറയുന്നു, എന്നിൽ നിന്ന് പ്രസ്സിനേയും മീഡിയയേയും സംബന്ധിച്ച് അഭിപ്രായം ആരായുന്നത് അദ്ദേഹം കുറവായി കണ്ടിരുന്നില്ല. ജമാഅത്ത് വ്യവസ്ഥിതിയെ ആദരിച്ചിരുന്നു. ഖിലാഫത്തിനോട് ആസക്തപരമായ സ്നേഹമായിരുന്നു.'

മുകർറം അത്വാവുൽമുജീബ് റാശിദ് സാഹിബ് ഇമാം മസ്ജിദ് ലണ്ടൻ എഴുതുന്നു: 'അങ്ങേയറ്റം മതനിഷ്ഠയുള്ള ആത്മാർഥനും വിനയാന്വിതനും കാണിക്കാൻ വേണ്ടി ഒന്നും ചെയ്യാത്തയാളുമായിരുന്നു അദ്ദേഹം. 2004-ൽ ഒരു മാസത്തേക്ക്

എനിക്ക് ആസ്ട്രേലിയായിൽ പോകാൻ അവസരം കിട്ടി. ആ സമയത്ത് അദ്ദേഹത്തിന്റെ നിരവധി ഉത്കൃഷ്ട ഗുണങ്ങൾ കണ്ടു മനസ്സിലാക്കാൻ സന്ദർഭമുണ്ടായി. പ്രഥമമായും അദ്ദേഹത്തിന്റെ ഖിലാഫത്തിനോടുള്ള സ്നേഹവും അനുസരണവുമായിരുന്നു. രാവിലെ നടക്കാൻ പോകുമ്പോൾ അധികവും ഇക്കാര്യത്തെ കുറിച്ചുതന്നെയായിരുന്നു സംസാരിച്ചിരുന്നത്. ജമാഅത്തിന്റെ വളർച്ചയെ സംബന്ധിച്ചും ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനെ സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട് നില്ക്കുന്നതിനെ സംബന്ധിച്ചുമായിരുന്നു സംസാരം. ഇപ്പോൾ ധാരാളം ബലഹീനതകളുണ്ടെന്ന് വേദനയോടെ അദ്ദേഹം പറയാറുണ്ടായിരുന്നു. പര്യടനത്തിന് പോകുമ്പോൾ ഓരോ ജമാഅത്തിനെ കുറിച്ചും അവിടെയെന്താണ് പ്രധാനമായും പറയേണ്ടതെന്ന് എന്നോടു പറയുമായിരുന്നു.'

നാസിർ ഹോസ്റ്റലിന്റെ നായകത്വത്തിലൂടെയാണ് അദ്ദേഹത്തിന്റെ ജമാഅത്തുപരമായ സേവന പരമ്പര ആരംഭിക്കുന്നത്. പിന്നീടു 1970മുതൽ 1980വരെ റബ്വയിലെ ഖുദ്ദാമുൽ അഹ്മദിയ്യ മുഹ്തമിം മഖാമിയായി പ്രവർത്തിച്ചു. 1979 ലെ വാർഷിക ഇജ്തിമാ അവസരത്തിൽ അദ്ദേഹത്തിന് സദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ എന്ന ഉത്തരവാദിത്തം നല്കപ്പെട്ടു.1979-80 മുതൽ 1988-89വരെ ഏകദേശം 10 വർഷം ഖുദ്ദാമുൽ അഹ്മദിയ്യ സദ്റായിരുന്നു. ഞാൻ പറഞ്ഞതുപോലെ ഇന്റർനാഷണൽ ലവലിലുണ്ടായിരുന്ന അവസാന സദ്റായിരുന്നു അദ്ദേഹം. അതിനുശേഷം വെവ്വേറെ സംഘടനകൾ നിലവിൽ വന്നു. ഇസ്‌ലാഹോ ഇർശാദ് വകുപ്പിലും സേവനം അനുഷ്ഠിച്ചു. നാലാം ഖിലാഫത്ത് കാലത്ത് കേന്ദ്രത്തിൽ സമീഅ് ബസ്‌രീ (ശ്രവണ ദർശന) വകുപ്പ് നിലവിൽ വന്നപ്പോൾ, നവംബർ 1983-ൽ അതിന്റെ മേൽനോട്ടം അദ്ദേഹത്തെയാണ് ഏല്പിച്ചത്.

1991 ജൂൺ 28 മുതൽ അവസാന നിമിഷംവരെ ആസ്ട്രേലിയായുടെ അമീർ എന്ന നിലയിൽ അദ്ദേഹത്തിന് സേവനം ചെയ്യാൻ സൗഭാഗ്യം കിട്ടി. അല്ലാഹു അദ്ദേഹത്തെ കാരുണ്യത്താൽ പൊതിയുമാറാകട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. തീർച്ചയായും നിസ്വാർഥനും തന്റെ എല്ലാ കഴിവുകളുംകൊണ്ട് ജമാഅത്തിന് സേവനം ചെയ്യുന്ന പുണ്യാത്മാവുമായിരുന്നു അദ്ദേഹം. തന്റെ ആരോഗ്യത്തെ അദ്ദേഹം നോക്കിയില്ല. ജമാഅത്തിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും തടസ്സം ഇടയിൽ വരാൻ അദ്ദേഹം അനുവദിച്ചില്ല. എന്റെ കഴിഞ്ഞ ആസ്ട്രേലിയൻ പര്യടനാവസരത്തിൽ ആരോഗ്യപരമായി അങ്ങേയറ്റം ബുദ്ധിമുട്ടിലായിരുന്നിട്ടും എല്ലാ കാര്യങ്ങൾക്കും മേൽനോട്ടം വഹിച്ചുകൊണ്ടിരുന്നു.

ഞാൻ ഖുദ്ദാമുൽ അഹ്മദിയ്യായിലും അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിച്ചിട്ടുണ്ട്. വലിയ തുറന്ന കൈയോടെ തന്റെ കീഴിലുള്ളവരെക്കൊണ്ട് പ്രവർത്തിപ്പിച്ചിട്ടുണ്ട്. പ്രവർത്തിക്കാൻ അവർക്ക് അവസരം കൊടുത്തിട്ടുണ്ട്. അവർക്ക് ആദരവ് നല്കിയിട്ടുണ്ട്. ഖിലാഫത്തിന് ഇത്തരം സുൽത്താനെ നസീർമാരെ അപൂർവമായിട്ടെ ലഭിക്കാറുള്ളു. അത് ഞാൻ ആരംഭത്തിൽ പറഞ്ഞതാണ്. അദ്ദേഹം പോയതോടെ ആസ്ട്രേലിയ ജമാഅത്തിൽ ഒരു വിടവുണ്ടായിരിക്കുന്നു. പക്ഷേ, ഇലാഹീ ജമാഅത്തുകളെ അല്ലാഹു സ്വയം സംരക്ഷിക്കുന്നു. ആ വിടവുകളെ അവൻതന്നെ നികത്തുന്നു. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഖിലാഫത്തിനോടു കൂറു പുലർത്തുകയും ആത്മാർപണം ചെയ്യുകയും, ചെയ്ത പ്രതിജ്ഞ പൂർത്തിയാക്കുകയും ചെയ്യുന്ന ഇദ്ദേഹത്തെപോലുള്ള സുൽത്വാനെ നസീർമാരെ അല്ലാഹു എപ്പോഴും തന്നുകൊണ്ടിരിക്കുമാറാകട്ടെ. അല്ലാഹു അദ്ദേഹത്തിന്റെ ഭാര്യയുടേയും മക്കളുടേയും സംരക്ഷകനും സഹായിയുമായിരിക്കട്ടെ. അവർക്കും തങ്ങളുടെ പിതാവിനെപ്പോലെ വിശ്വാസത്തിൽ ഉറച്ചുനില്ക്കാനും ഖിലാഫത്തുമായി ശക്തമായ ബന്ധം ഉണ്ടാക്കാനും തൗഫീഖ് നല്കുമാറാകട്ടെ. തങ്ങളുടെ മാതാവിനോടുള്ള കടമ നിറവേറ്റാൻ അദ്ദേഹത്തിന്റെ മക്കൾക്കും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

ഇപ്പോൾ ജുമുഅ നമസ്ക്കാരത്തിനുശേഷം ഞാൻ അദ്ദേഹത്തിന്റെ ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis (atba)**
at Masjid Baithul Futhuh,London – on 25.04.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To